ഗാർഹികേതരം

1. സ്ലാബ് 1 പ്രതിമാസ ഉപഭോഗം 50 കെ. എൽ. വരെ ഒരു കെ. എൽ.ന് 7 രൂപ 35 പൈസ.

2. സ്ലാബ് 2 പ്രതിമാസ ഉപഭോഗം 50 കെ. എൽ. മുകളിൽ 1 കെ. എൽ.ന് 10 രൂപ 60 പൈസ.

വ്യാവസായികം 1 കെ. എൽ. ന് 10 രൂപ 60 പൈസ.

പുതുതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ

49 [506] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ശുദ്ധജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇത് എത്ര ഗുണഭോക്താക്കൾ ഉപയോഗിക്കുന്നു എന്നു വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ഈ കാലയളവിൽ എത്ര കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു എന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ പേരും വിവരവും അവ എന്നത്തേക്കു കമ്മീഷൻ ചെയ്യാൻ കഴിയുമെന്നതു സംബന്ധിച്ചും പഞ്ചായത്ത് തിരിച്ച് വിശദീകരിക്കാമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 485 പദ്ധതികൾ കമ്മീഷൻ ചെയ്തു. പദ്ധതികളുടെ പ്രയോജനം 2564493 ജനങ്ങൾക്ക് ലഭിക്കുന്നു. ജലനിധി 1654 പദ്ധതികൾ കമ്മീഷൻ ചെയ്തു. പദ്ധതികളുടെ പ്രയോജനം 455348 ജനങ്ങൾക്ക് ലഭിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) മുക്കം പഞ്ചായത്ത്-4 പദ്ധതികൾ, പെരുവയൽ-5 പദ്ധതികൾ, മാവൂർ-3 പദ്ധതികൾ, പെരുമണ്ണ-1 പദ്ധതി.

(സി) പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ

കുന്ദമംഗലം പഞ്ചായത്ത്

1. ആർ ഡബ്ല്യു.എസ്.എസ്.-കാരന്നൂർ.
2. അമരംബലം-കുന്ദമംഗലം ശുദ്ധജലവിതരണ പദ്ധതി
3. കൂടത്തുടമല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മാവൂർ പഞ്ചായത്ത്

മാവൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

പെരുവയൽ പഞ്ചായത്ത്

1. കയവം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
2. മിനി കുടിവെള്ള വിതരണ പദ്ധതി വാർഡ്-7
3. മിനി കുടിവെള്ള പദ്ധതി വാർഡ്-6

മുക്കം പഞ്ചായത്ത്

1. മുക്കം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി
2. ടി. ഡബ്ല്യൂ. എസ്. എസ്.-കെ. ടി. സി. എസ്റ്റേറ്റ്.
3. ടി. ഡബ്ല്യൂ. എസ്. എസ്.-മാംപറ്റ.

ചാത്തമംഗലം പഞ്ചായത്ത്

ചാത്തമംഗലം പഞ്ചായത്ത് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

കരുവട്ടൂർ പഞ്ചായത്ത്

കരുവട്ടൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളും അവ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും താഴെ ചേർക്കുന്നു:

മുക്കം പഞ്ചായത്ത്

1. വാർഡ് 5, 6 ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി 6/2006
2. വാർഡ് 7 ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി 3/2006
3. വാർഡ് 10 ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി 3/2006
4. ചേന്ദമംഗലൂർ ശുദ്ധജല വിതരണ പദ്ധതി 6/2006
5. കയ്യിട്ടാംപൊയിൽ ശുദ്ധജല വിതരണ പദ്ധതി 12/2006
6. വട്ടോളിപ്പറമ്പ് ശുദ്ധജല വിതരണ പദ്ധതി 3/2006
7. പന്നിയരുകുന്ന് കോളനി ശുദ്ധജല വിതരണ പദ്ധതി 6/2006

ചാത്തമംഗലം പഞ്ചായത്ത്

1. വാർഡ് 4, 5, 6 ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി 2/2006
2. ഈഗിൽ പ്ലാന്റേഷൻ ശുദ്ധജല വിതരണ പദ്ധതി 3/2006
3. കരിയാത്തൻകുന്ന് ശുദ്ധജല വിതരണ പദ്ധതി 3/2006

കരുവട്ടൂർ പഞ്ചായത്ത്

. വാർഡ് 6 ലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി 3/2007

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി

ചാലിയാർപുഴ ഉറവിടമാക്കി ചാത്തമംഗലം, മാവൂർ, മുക്കം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ സർവെ പൂർത്തിയാക്കി.

സുനാമി ബാധിത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ

50 [507] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ വർക്കല കഹാർ:
„ ടി. യു. രാധാകൃഷ്ണൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിയെ തുടർന്ന് എത്ര കുടിവെള്ള പദ്ധതികൾ സുനാമി ബാധിത പ്രദേശങ്ങളിൽ ആരംഭിച്ചു; അവ എവിടെയെല്ലാം;

(ബി) അതിന് എന്ത് തുക ചെലവായി; ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സുനാമി ബാധിത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ജില്ല തിരിച്ചുള്ള വർക്കുകൾ താഴെ പറയുന്നവയാണ്:

ജില്ല	വർക്കുകൾ
കൊല്ലം	20 എണ്ണം
ആലപ്പുഴ	120 എണ്ണം
എറണാകുളം	24 എണ്ണം
കോഴിക്കോട്	24 എണ്ണം
തൃശ്ശൂർ	6 എണ്ണം
കണ്ണൂർ	10 എണ്ണം
ആകെ	204 എണ്ണം

(ബി) ഇതിന് 5.06 കോടി രൂപ ചെലവായി. ഇത് ഒന്നര ലക്ഷത്തോളം ആളുകൾക്ക് പ്രയോജനം ചെയ്യുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതിമൂലം നടപ്പിലാക്കുന്ന പദ്ധതികൾ

51 [508] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly